# കുടുംബശ്രീ വാർത്താപത്രിക

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

ലക്കം 62 2014 സെപ്റ്റംബർ www.kudumbashree.org


# കുടുംബശ്രീ പതിനാറാം വാർഷികം പ്രൗഢഗംഭീരം

## പ്രവർത്തകർക്ക് ആവേശം പകർന്ന് സോണിയ



*കുടുംബശ്രീ പതിനാറാം സംസ്ഥാനതല വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധി നിർവഹിക്കുന്നു. കെ.പി.സി.സി പ്രസിഡന്റ് വി.എം സുധീരൻ, മുൻ കേന്ദ്രമന്ത്രി ഒ.രാജഗോപാൽ, മന്ത്രിമാരായ വി.എസ് ശിവകുമാർ, പി.കെ കുഞ്ഞാലിക്കുട്ടി, ശശി തരൂർ എം.പി, ധനവകുപ്പ് മന്ത്രി കെ.എം മാണി, മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി, ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല, പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ, അഡ്വ ബിന്ദു കൃഷ്ണ തുടങ്ങിയവർ സമീപം*

സ്ത്രീകളുടെ സംഘശക്തിക്ക് പുതിയ മാനങ്ങൾ നൽകി ആയിരക്കണക്കിനു കുടുംബശ്രീ പ്രവർത്തകരെ സാക്ഷി നിർത്തി അനന്തപുരിയുടെ മണ്ണിൽ കുടുംബശ്രീ പതിനാറാം സംസ്ഥാനതല വാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിക്കാൻ സോണിയാ ഗാന്ധി എത്തിയപ്പോൾ അത് കുടുംബശ്രീയുടെ ചരിത്രത്തിൽ അർത്ഥപൂർണമായ അധ്യായമായി മാറി.. അദ്ധ്വാനത്തിനൊപ്പം ആത്മവിശ്വാസവും ഇച്ഛാശക്തിയും മുറുകെ പിടിച്ച് പ്രതിസന്ധികളെ തരണം ചെയ്തു മുന്നേറിയ സ്ത്രീകളുടെ സംഗമം അനന്തപുരിക്ക് മറ്റൊരു ഉത്സവമായി.

കഴിഞ്ഞ പതിനാറ് വർഷങ്ങളിലൂടെ പണിതുയർത്തിയ കൂട്ടായ്മയുടെ വിജയം ആഘോഷിച്ച അവസരത്തിൽ ഇത്തവണ കുടുംബശ്രീ പ്രവർത്തകർക്ക് ആവേശം പകരാനെത്തിയത് ലോക രാഷ്ട്രീയ ഭൂപടത്തിൽ ഇടം നേടിയ വനിത സോണിയാഗാന്ധിയാണ്. സ്ത്രീശാക്തീകരണത്തിന്റെ ഉത്തമ മാതൃകയായി കേരളത്തെ കാണുന്ന സോണിയാഗാന്ധി വേദിയിലെത്തുന്നതുവരെ പുത്തരിക്കണ്ടം മൈതാനിയിൽ സ്ത്രീക്കൂട്ടായ്മയുടെ ആഘോഷം സംഗീതമായി നിറഞ്ഞുനിന്നു.

ഉച്ചയ്ക്ക് 1.15നാണ് സോണിയാഗാന്ധി വേദിയിലെത്തിയത് . പക്ഷെ, കാത്തിരിപ്പിന്റെ വിരസത കുടുംബശ്രീ പ്രവർത്തകർ അറിഞ്ഞില്ല. വേദിയിലെ ഒപ്പനപ്പാട്ടും മാപ്പിളപ്പാട്ടും നാടൻപാട്ടുമൊക്കെയായി നല്ലൊരു ദൃശ്യവിരുന്നൊരുക്കിയതിന്റെ ആഹ്ളാദത്തിലായിരുന്നു സദസ്. ഗായിക ചന്ദ്രലേഖകൂടി ഒപ്പം ചേർന്നപ്പോൾ ആവേശം വാനോളമായി. മലപ്പുറത്തെ കുടുംബശ്രീ പ്രവർത്തകർ സ്വയം ചിട്ടപ്പെടുത്തിയ നാടൻപാട്ട് പാടിയാണ് വേദിയെ കൈയ്യിലെടുത്തത്. ഓരോ പാട്ടിനും കൈയടിച്ചും ആർപ്പുവിളിച്ചും താളമിട്ടും പതിനായിരക്കണക്കിന് സ്ത്രീകൾ സമ്മേളനവേദി മുഖരിതമാക്കി. അക്ഷരാർത്ഥത്തിൽ കുടുംബശ്രീ പ്രവർത്തകർ ഒത്തൊരുമിച്ച ആഘോഷദിനമായിരുന്നു പുത്തരിക്കണ്ടം മൈതാനിയിൽ.

കുടുംബശ്രീയുടെ നേതൃത്വം വഹിച്ചുകൊണ്ട് മന്ത്രി ഡോ.എം.കെ മുനീർ 11 മണിക്ക് തന്നെ വേദിയിലെത്തിയിരുന്നു. കുടുംബശ്രീ പ്രവർത്തകരുടെ കലാപ്രകടനങ്ങൾ ആസ്വദിക്കുന്നതിനോടൊപ്പം വേദിയിൽ എത്തുന്ന പ്രധാന വ്യക്തികളെ സ്വീകരിക്കുന്ന തിരക്കിലുമായിരുന്നു അദ്ദേഹം. വ്യവസായ മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടിയും മുതിർന്ന ബി.ജെ.പി നേതാവ് ഒ.രാജഗോപാലും കൃത്യസമയത്തു തന്നെ വേദിയിലെത്തി. ഉച്ചക്ക് 1.15ന് സോണിയാഗാന്ധി ഉദ്ഘാടനവേദിയിൽ എത്തിയപ്പോൾ വൻകരഘോഷങ്ങളോടെയാണ് സോണിയാഗാന്ധിയെ കേരളത്തിലെ സ്ത്രീശക്തിയുടെ പ്രതീകങ്ങൾ സ്വീകരിച്ചത്. സംസ്ഥാന സർക്കാരിന്റെ ആരോഗ്യകിരണം പദ്ധതിയിലൂടെ ഹൃദയശസ്ത്രക്രിയ നടത്തി ജീവിതത്തിലേക്ക് തിരിച്ചെത്തിയ കുട്ടികൾ സോണിയാഗാന്ധിക്ക് സ്നേഹാദരങ്ങളുടെ പൂച്ചെണ്ടുകളുമായി വേദിയിലെത്തി. കുട്ടികൾ നീട്ടിയ മഞ്ഞ റോസാപ്പൂക്കൾ സ്നേഹവാത്സല്യത്തോടെ ഏറ്റുവാങ്ങിയ കോൺഗ്രസ് അധ്യക്ഷ അവരോട് കുശലം ചോദിക്കാനും മറന്നില്ല. കഴിഞ്ഞവർഷം സെപ്തംബർ 30ന് സോണിയാഗാന്ധിയാണ് ആരോഗ്യകിരണം പദ്ധതി ഉദ്ഘാടനം ചെയ്തത്. കുടുംബശ്രീയുടെ നേട്ടം കേരളചരിത്രത്തിലെ നാഴികക്കല്ലാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. സ്ത്രീശാക്തീകരണത്തിന്റെ പര്യായമായി വളരാൻ കുടുംബശ്രീക്ക് സാധിച്ചത് സംസ്ഥാനത്തിന് അഭിമാനകരമാണ്. കുടുംബശ്രീ ഏറ്റെടുത്ത പ്രധാന ദൗത്യം ആശ്രയ പദ്ധതിയാണ്. ആരും നോക്കാനില്ലാത്ത ആളുകളെ സംരക്ഷിക്കാനുള്ള പദ്ധതി ഏറ്റെടുക്കാനും മികച്ച രീതിയിൽ നടപ്പിലാക്കാനും കുടുംബശ്രീക്ക് കഴിഞ്ഞു. കുടുംബശ്രീ ഉൽപന്നങ്ങൾക്ക് മികച്ച വിപണി ലഭിക്കാനും കുടുംബശ്രീയുടെ പുരോഗതിക്കും സർക്കാർ എല്ലാ സഹായങ്ങളും ചെയ്യുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

പേജ് 2 കാണുക ⇨



*പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി ഡോ. എം.കെ മുനീർ കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധിക്ക് ആറൻമുള കണ്ണാടി സമ്മാനിക്കുന്നു*

## കുഞ്ഞമ്മചേച്ചി




**വിധവകൾ, അവിവാഹിതരായ അമ്മമാർ, ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾ, ഗാർഹിക പീഡനം നേരിടുന്ന സ്ത്രീകൾ, തുടങ്ങി അശരണരായ സ്ത്രീകൾക്ക് പുതിയ തൊഴിൽ പദ്ധതിയുമായി കുടുംബശ്രീ**

# കുടുംബശ്രീ ഒരു നവോത്ഥാന മാതൃക: സോണിയാഗാന്ധി



*കുടുംബശ്രീ പതിനാറാം വാർഷികത്തിന്റെ ഉദ്ഘാടനത്തിനെത്തിയ സോണിയ ഗാന്ധിക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വത്സലകുമാരി ഉപഹാരം സമ്മാനിച്ചപ്പോൾ*

ശ്രീനാരായണഗുരു അടക്കമുള്ള സാമൂഹ്യപരിഷ്കർത്താക്കൾ നവോത്ഥാന പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ വരുത്തിയ മാറ്റം ഇന്ന് കുടുംബശ്രീ മറ്റൊരു തരത്തിൽ പ്രാവർത്തികമാക്കുകയാണെന്ന് കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധി. കുടുംബശ്രീയുടെ പതിനാറാം വാർഷിക ആഘോഷപരിപാടി തിരുവനന്തപുരത്ത് പുത്തരിക്കണ്ടം മൈതാനിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

കുടുംബശ്രീയുടെ പ്രവർത്തനത്തിലൂടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ കേരളം രാജ്യത്തിന് മാതൃകയായി മാറി. കേരളത്തിന്റെ അഭിമാനകരമായ ഈ നേട്ടം മറ്റ് സംസ്ഥാനങ്ങൾ ഉറ്റുനോക്കുകയാണ്. ദാരിദ്ര്യം, അനീതി, പരാജയം എന്നിവയ്ക്കെതിരെയുള്ള ചെറുത്തുനിൽപ്പാണ് കുടുംബശ്രീയെ വ്യത്യസ്തമാക്കുന്നത്. ജൈവകൃഷി, ചെറുകിടസംരംഭം, വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ, സാമൂഹികാധിഷ്ഠിത പരിപാടികൾ എന്നിവയിലൂടെ സ്ത്രീകളെ സ്വയംപര്യാപ്തമാക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞു. ഗ്രാമീണ സ്ത്രീകളെ സംഘടനാ സംവിധാനത്തിലൂടെ സംഘടിതരാക്കുക വഴി പ്രശ്നങ്ങൾ തരണം ചെയ്യാൻ പ്രാപ്തമാക്കുകയാണ് കുടുംബശ്രീ ചെയ്തത്. ജനങ്ങൾ എല്ലാ പ്രശ്നത്തിനും സർക്കാരിനെ സമീപിക്കുന്ന ഒരു രാജ്യത്ത് ജനങ്ങൾക്ക് തന്നെ സ്വയം പ്രശ്ന പരിഹാരത്തിന് സാധിക്കുമെന്ന് കുടുംബശ്രീ തെളിയിച്ചു. സ്ത്രീകൾക്ക് പരിശീലനം നൽകി സമ്പാദ്യശീലം വർധിപ്പിക്കുകയും ഇതുവഴി ജീവിത നിലവാരം മെച്ചപ്പെടുത്തിയതും ചെറുകിട സംരംഭങ്ങൾ ആരംഭിച്ചതുമെല്ലാം കുടുംബശ്രീക്ക് അഭിമാനിക്കാവുന്ന നേട്ടങ്ങളാണ്.

പാവപ്പെട്ട സ്ത്രീകളെ സംഘടിപ്പിക്കുക വഴി സ്ത്രീ എന്ന നിലയിലും പാവപ്പെട്ടവർ എന്ന നിലയിലും സഹായം നൽകാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. ദരിദ്രരായ ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ ഒരു ബാങ്ക് പോലെ പ്രവർത്തിക്കുന്ന കുടുംബശ്രീ ദാരിദ്ര്യം നൽകുന്ന വെല്ലുവിളികൾ നേരിടാൻ പര്യാപ്തമാണ്. ദാരിദ്ര്യ നിർമാർജനത്തിന് രാജ്യത്തിന് തന്നെ മാതൃകയാണ് കുടുംബശ്രീ. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിൽ നെടുനായകത്വം വഹിക്കുന്ന

പേജ് 2 കാണുക ⇨

കുടുംബശ്രീ വാർത്താപത്രിക

## ആവേശം പകർന്ന് സോണിയ

ഒന്നാം പേജിൽ നിന്നും തുടർച്ച ⇨



*കുടുംബശ്രീ പതിനാറാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനത്തിനെത്തിയ സോണിയാ ഗാന്ധിയെ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ സ്വീകരിക്കുന്നു*

അധികാര വികേന്ദ്രീകരണം എന്നാൽ എന്തെന്ന് ജനം അറിഞ്ഞത് കുടുംബശ്രീയിലൂടെയാണെന്ന് സാമുഹ്യനീതി മന്ത്രി ഡോ.എം.കെ. മുനീർ പറഞ്ഞു. കുടുംബശ്രീ പ്രവർത്തനങ്ങൾ സമ്പൂർണമായി ഡിജിറ്റലൈസ് ചെയ്യുക, കമ്മ്യൂണിറ്റി കോളജുകളും കോഴ്സുകളും ആരംഭിക്കുക, സ്ത്രീകൾക്ക് എതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി പൊലീസുമായി സഹകരിച്ച് പ്രവർത്തിക്കുക, കുടുംബശ്രീയെ ഒരു ബ്രാൻഡായി നവീകരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കുടുംബശ്രീയുടെ ഇനിയുള്ള പ്രവർത്തനങ്ങൾ. ദക്ഷിണാഫ്രിക്ക, എത്യോപ്യ എന്നീ രാജ്യങ്ങൾ കുടുംബശ്രീ മാതൃകയിൽ പ്രസ്ഥാനങ്ങൾ ആരംഭിക്കാൻ താൽപര്യപ്പെട്ട് മുന്നോട്ട് വന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കുടുംബശ്രീക്ക് സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ഐ.ടി വകുപ്പിന്റെ എല്ല സഹായവും ലഭ്യമാക്കുമെന്ന് മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. മന്ത്രിമാരായ കെ.എം മാണി, രമേശ് ചെന്നിത്തല, വി.എസ് ശിവകുമാർ, ഡോ.ശശി തരൂർ എം.പി, വി.എം സുധീരൻ, മുൻ കേന്ദ്രമന്ത്രി ഒ.രാജഗോപാൽ, എ.ഐ.സി.സി ജനറൽ സെക്രട്ടറി മുകുൾ വാസ്നിക് എന്നിവരെല്ലാം കുടുംബശ്രീ പ്രവർത്തകർക്ക് ആവേശം പകരാനെത്തിയിരുന്നു.

## നവോത്ഥാന മാതൃക

ഒന്നാം പേജിൽ നിന്നും തുടർച്ച ⇨

സംസ്ഥാനമാണ് കേരളം. ആരോഗ്യ മേഖലയിൽ വലിയ മുന്നേറ്റം നടത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. സ്ത്രീകളുടെ ആരോഗ്യത്തിനും ശുചീകരണ പ്രവർത്തനങ്ങൾക്കും വലിയ പരിഗണനയാണ് സംസ്ഥാനത്ത് ലഭിക്കുന്നത്.

യു.പി.എ സർക്കാരിന്റെ സഹായത്തോടെ വനിതാ സഹകരണ സംഘങ്ങൾക്ക് ഏറെ നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. സ്ത്രീകൾ തൊഴിലിടങ്ങളിൽ നേരിടുന്ന പീഡനങ്ങൾക്കും ഗാർഹിക പീഡനത്തിനും എതിരെ നിയമം കൊണ്ടുവരാൻ യു.പി.എ സർക്കാരിന് കഴിഞ്ഞു. എന്നാൽ വനിതാ സംവരണ ബിൽ പാസാക്കാൻ കഴിയാത്തതിൽ ഖേദമുണ്ടെന്ന് കോൺഗ്രസ് അധ്യക്ഷ പറഞ്ഞു. പുതിയ സർക്കാരിൽ ഇതിനായി ശക്തമായ സമ്മർദ്ദം ചെലുത്തും. സ്ത്രീകൾക്ക് നേരെ അക്രമം വർധിക്കുന്നതിൽ ആശങ്കയുണ്ട്. ഇത് ദേശീയ പ്രതിഭാസമാണെങ്കിലും നിർഭയ പദ്ധതിയിലൂടെ കേരളം ഇതിനെതിരെ ഏറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. സ്ത്രീകളെ സംഘടിപ്പിക്കാൻ സർക്കാർ പദ്ധതികൾ ആവശ്യമാണെന്നും വനിതാ നേതൃത്വത്തെ സൃഷ്ടിക്കുന്നത് രാജ്യത്തിന് ആവശ്യമാണെന്നും സോണിയാഗാന്ധി പറഞ്ഞു.

മുഖ്യമന്ത്രി ഉമ്മൻചാണ്ടി അധ്യക്ഷത വഹിച്ചു. കുടുംബശ്രീ പ്രവർത്തകരുടെ സ്നേഹോപഹാരമായ ആറൻമുള കണ്ണാടി പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി ഡോ. എം.കെ മുനീർ കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധിക്ക് സമ്മാനിച്ചു. എ.ഐ.സി.സി ജനറൽ സെക്രട്ടറി മുകുൾ വാസ്നിക്, മന്ത്രിമാരായ പി.കെ കുഞ്ഞാലിക്കുട്ടി, കെ.എം മാണി, രമേശ് ചെന്നിത്തല, വി.എസ് ശിവകുമാർ, ഡോ. ശശി തരൂർ എം.പി, കെ.പി.സി.സി പ്രസിഡന്റ് വി.എം സുധീരൻ, മുൻകേന്ദ്രമന്ത്രി ഒ. രാജഗോപാൽ, കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ കെ.ബി വത്സലകുമാരി തുടങ്ങിയവർ പങ്കെടുത്തു.

## ഇന്ന് ഞാൻ...



# കനൽവഴികളിൽ കൈപിടിച്ച കുടുംബശ്രീ

കൊല്ലം ജില്ലയിൽ പൂതക്കുളം ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലെ ശ്രീ വിനായക കുടുംബശ്രീ യൂണിറ്റിലെ സെക്രട്ടറിയാണ് ഞാൻ. വളരെ സന്തോഷം നിറഞ്ഞ കുടുംബാന്തരീക്ഷത്തിലാണ് ഞാൻ വളർന്നത്. അച്ഛന് സർവേയിലായിരുന്നു ജോലി. സ്പോർട്സിൽ ജില്ലാ സംസ്ഥാനതലത്തിൽ ചാമ്പ്യനായിരുന്നു ഞാൻ.

പ്രീഡിഗ്രിക്ക് ശേഷം സിങ്കപ്പൂരിൽ പോയി. എന്റെ അമ്മയുടെ മൂത്ത സഹോദരൻ സിങ്കപ്പൂർ സിറ്റിസണായിരുന്നു. എന്റെ കുട്ടിക്കാലം മുതൽക്കേ മാമന്റെ സഹായത്താലാണ് ഞാൻ വളർന്നത്. അവിടെ വച്ച് ഒരു നല്ല കല്ല്യാണ ആലോചന വന്നെങ്കിലും നാട്ടിലുള്ള ചെറുക്കനെ കൊണ്ട് മാത്രമേ കല്ല്യാണം കഴിപ്പിക്കൂ എന്ന അമ്മയുടെ നിർബന്ധം കാരണം തിരികെ പോന്നു. നാട്ടിൽ കമ്പ്യൂട്ടർ പഠിച്ചുകൊണ്ടിരുന്ന സമയത്ത് അച്ഛൻ ഗൾഫിൽ ഡ്രൈവറായി ജോലിയുള്ള പയ്യന്റെ ആലോചന കൊണ്ടു വന്നു.

2001 ജനുവരിയിൽ വളരെ ആർഭാടമായി 60 പവന്റെ സ്വർണം ഇട്ട് കല്യാണം നടത്തി. ആദ്യമൊക്കെ വളരെ നല്ല പെരുമാറ്റമായിരുന്നു ഭർത്താവിന്റേത്. എന്നാൽ സ്ഥിരമായി മദ്യപിക്കുന്ന ആളാണെന്ന് അവരുടെ ബന്ധുക്കൾ പറഞ്ഞു കേട്ടപ്പോൾ എന്റെ കണ്ണിൽ ഇരുട്ട് കയറുന്നതുപോലെ തോന്നി. സ്വന്തമായിട്ട് വീടും തറയും ഉള്ള പയ്യനാണ് എന്നാണ് അച്ഛൻ പറഞ്ഞത്. എന്നാൽ അതൊന്നും സത്യമായിരുന്നില്ല. എന്റെ പകുതി സ്വർണം വീടും പറമ്പും വാങ്ങുന്നതിലേക്കും കുറച്ച് സ്വർണം വിറ്റ് അമ്മായിഅമ്മയുടെയും നാത്തൂൻമാരുടെയും സ്വർണങ്ങൾ പണയത്തിൽ നിന്നും എടുക്കുന്നതിനും വിനിയോഗിച്ചു.

തുടർന്ന് ഭർത്താവ് സൗദിയിലേക്ക് തിരിച്ചുപോയി. ഒരുവർഷം കഴിഞ്ഞപ്പോൾ അവിടെ നിന്നും ഫോൺ വന്നു. ട്രെയ്‌ലർ മറിഞ്ഞു. ഞാൻ ഒളിവിലാണ്. 25000 രൂപ അയച്ചുതരണം. എന്നാലേ നാട്ടിൽ വരാൻ പറ്റുള്ളൂ എന്നുപറഞ്ഞു. എന്റെ മാല പണയംവച്ച് രൂപ അയച്ചുകൊടുത്തു. അങ്ങനെ നാട്ടിൽ വന്ന് വീടും വസ്തുവും പണയം വച്ച് ആട്ടോ വാങ്ങിയെങ്കിലും മദ്യപാനം കാരണം അതെല്ലാം നശിപ്പിച്ചു.എന്റെ വീട്ടിലും വന്ന് വെറുതെ പ്രശ്നങ്ങൾ ഉണ്ടാക്കിയെങ്കിലും അച്ഛൻ ഇടപെട്ട് പ്രശ്നങ്ങൾ പറഞ്ഞ് തീർത്തു.

മദ്യപാനം നിർത്താൻ ലഹരിമോചന കേന്ദ്രങ്ങളിൽ ചികിത്സ തേടിയെങ്കിലും ഫലമുണ്ടായില്ല. എന്റെ വീട്ടിൽ വന്ന് സുഹൃത്തുക്കളുമായി ചേർന്ന് ഒരു മദ്യഷാപ്പാക്കി. കൂടാതെ കടുത്ത ശാരീരിക പീഡനവും. പാതിരാത്രിയിലാണ് പലപ്പോഴും ഉപദ്രവം. അതു പേടിച്ച് എനിക്കുറങ്ങാൻ പോലും കഴിയാതെയായി. ഞാനും മക്കളും പേടിച്ച് കുറ്റിക്കാടുകളിലും മറ്റും അയാളെ ഭയന്ന് ഒളിച്ചിരിക്കുമായിരുന്നു.

ഈ സമയത്താണ് ബാങ്കിൽ നിന്നു ജപ്തി നോട്ടീസ് വന്നത്. കടം വീട്ടാൻ നിസാര വിലയ്ക്ക് 25 സെന്റും തറയും വീടും വിൽക്കേണ്ടിവന്നു. എല്ലാം നഷ്ടപ്പെട്ടു ഞങ്ങൾ എന്റെ വീട്ടിൽ താമസത്തിന് വന്നു. ഇതിനിടെ അച്ഛൻ സുഖമില്ലാതെ മരിച്ചു. ഇയാളുടെ ശല്യം കാരണം അമ്മ അനുജത്തിയുടെ കൂടെ താമസം മാറി. വീണ്ടും ഞങ്ങൾ അവിടെ ഒറ്റയ്ക്കായി. വീട്ടുസാധനങ്ങൾ ഓരോന്നായി പെറുക്കിയെടുത്ത് വിറ്റുകുടിച്ചുകൊണ്ടിരുന്ന അയാൾ ഒരു ദിവസം എന്നെ കൊല്ലാൻ ശ്രമിച്ചു. എന്റെ മക്കൾ നിലവിളിക്കുന്നതു കേട്ട് അടുത്തുള്ള ആളുകൾ ഓടിക്കൂടിയതുകൊണ്ട് മാത്രം ഞാൻ രക്ഷപെട്ടു. ഇതെല്ലാം അറിയാവുന്ന തൊട്ടടുത്ത അംഗൻവാടി ടീച്ചർ ഇനി എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ എന്നെ വിളിക്ക് എന്നുപറഞ്ഞു. ആ ടീച്ചർ അവരുടെ കൂട്ടുകാരിയുടെ വീട്ടിൽ എന്നെയും കുട്ടികളെയും താമസിപ്പിച്ചു. എന്റെ അവശതയെല്ലാം മാറിയപ്പോൾ പോലീസിൽ കേസ് കൊടുത്തു. വീണ്ടും ഒത്തുതീർപ്പായി. ഇനി ഉപദ്രവിക്കില്ല എന്നുപറഞ്ഞു. ഗാർഹിക പീഡന നിയമത്തെക്കുറിച്ച് മനസിലാക്കാൻ കഴിഞ്ഞതുകൊണ്ട് എന്നെയും കുഞ്ഞുങ്ങളെയും ഉപദ്രവിക്കാതിരിക്കാനുള്ള പ്രൊട്ടക്ഷൻ ഓർഡർ കോടതിയിൽ നിന്നും വാങ്ങാൻ കഴിഞ്ഞു. അതുകാരണം രണ്ടര വർഷമായിട്ട് ചെലവിനൊന്നും കിട്ടിയില്ലെങ്കിലും ഉപദ്രവത്തിൽ നിന്നും ഞാനും മക്കളും രക്ഷപ്പെട്ടു.



സുജാത

എന്റെയും മക്കളുടെയും ജീവിതം വളരെ കഷ്ടത്തിലായിരുന്നു. അയൽപക്കത്തെ വീട്ടിലെ കുടുംബശ്രീ അംഗവും തൊഴിലുറപ്പിനു പോകുന്ന ഒരു ചേച്ചി നീ നാണക്കേട് വിചാരിക്കാതെ എന്നോടൊപ്പം തൊഴിലുറപ്പിന് വരാൻ പറഞ്ഞു. അങ്ങനെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ അംഗമായി. അതോടെ എന്റെ കഷ്ടപ്പാടിന് ഒരു പരിഹാരമായി. കുടുംബശ്രീ നടത്തുന്ന പരിശീലനങ്ങളിൽ പങ്കെടുത്തതിനാൽ എനിക്ക് ഒരുപാട് കാര്യങ്ങൾ പഠിക്കാനും അതോടൊപ്പം മനസിന് നല്ല ധൈര്യം സമ്പാദിക്കാനും സാധിച്ചു. ആത്മഹത്യയെ കുറിച്ച് മാത്രം ചിന്തിച്ചു നടന്ന എന്നെ മറ്റുള്ളവരെപ്പോലെ ജീവിക്കാൻ സഹായിച്ചത് ഈ കുടുംബശ്രീ പ്രസ്ഥാനമാണ്.

ഇതിനിടെ ഒരു ചേച്ചി ഞങ്ങളുടെ രക്ഷകയായി എത്തി. എന്റെ ജാതിയല്ല. അവർക്കും മറ്റാരുമില്ല. വളരെ അവശത അനുഭവിക്കുന്ന ഒരാൾ. അവരുടെ വീടും ജപ്തിയുടെ വക്കിൽ നിൽക്കുന്നു. ഞാൻ കുടുംബശ്രീയിൽ നിന്നും ലോണെടുത്ത് അവരുടെ ജപ്തി ഒഴിവാക്കിയ ശേഷം സെന്റിന് 30,000 രൂപയ്ക്ക് ഏഴു സെന്റ് വാങ്ങി. അതിൽ ഒന്നരസെന്റ് അവരുടെ പേരിൽ എഴുതി. വളരെ ചെറിയ വീടാണ്. ഉറപ്പില്ലാത്ത കതകും പൊട്ടിപ്പൊളിഞ്ഞ ഷീറ്റും, എന്നാലും സമാധാനമായിട്ട് കയറിക്കിടക്കാം.

പിന്നീട് ഞങ്ങൾ ഒരു യൂണിറ്റ് തുടങ്ങി. കോഴി, ആട് എന്നിവയെ വളർത്തി അതിൽ നിന്നു കിട്ടുന്ന വരുമാനം കൊണ്ട് ഞങ്ങൾ സന്തോഷത്തോടെ ജീവിക്കുന്നു. എന്റെ മക്കൾക്ക് എന്നെ കൂടാതെ മറ്റൊരമ്മയെ കൂടി കിട്ടി. എനിക്കും മക്കൾക്കും ആ ചേച്ചിക്കും ഒരു പുതിയ ജീവിതം തന്ന കുടുംബശ്രീ സംഘടനയ്ക്കും നല്ലവരായ പഞ്ചായത്ത് പ്രസിഡന്റ്, ചെയർപേഴ്സൺ, സിഡിഎസ് അംഗങ്ങൾക്കും, നല്ലവരായ അയൽക്കാർക്കും സുഹൃത്തുക്കൾക്കും ഞങ്ങളുടെ ജീവിതം കടപ്പെട്ടിരിക്കുന്നു.

**(കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ചെയർപേഴ്സണായ സുജാതയുടെ വിജയാനുഭവ കഥയിൽ നിന്ന്)**

# കർഷക ഇന്ത്യയ്ക്കായി കുടുംബശ്രീ ഒരുമിക്കണം: സുഗത കുമാരി




*കുടുംബശ്രീ പതിനാറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച സെമിനാർ 'ചെറുത്തുനിൽപ്പിന്റെ പ്രതീകങ്ങൾ' കവയിത്രി സുഗത കുമാരി ഉദ്ഘാടനം ചെയ്യുന്നു*

നമുക്കു വേണ്ടത് കർഷക ഇന്ത്യയാണെന്നും അതിനായി കുടുംബശ്രീ പ്രവർത്തകർ ഒരുമിക്കണമെന്നും പ്രശസ്ത കവയിത്രി സുഗത കുമാരി പറഞ്ഞു. കുടുംബശ്രീ പതിനാറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച 'ചെറുത്തുനിൽപ്പിന്റെ പ്രതീകങ്ങൾ' എന്ന സെമിനാർ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു സുഗത കുമാരി.

കേരളത്തിൽ മറ്റുള്ളവർക്ക് മാതൃകയാക്കാൻ കഴിയുന്ന ഒരു പ്രസ്ഥാനം മാത്രമേയുള്ളൂ. അത് കുടുംബശ്രീയാണ്. കേരളത്തിലെ ഗ്രാമങ്ങളിൽ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും അതുവഴി ഗ്രാമീണ ജനതയെ പുരോഗതിയുടെ പാതയിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്തുകൊണ്ട് കുടുംബശ്രീ ഗാന്ധിജിയുടെ വാക്കുകളെ അന്വർത്ഥമാക്കി. കുടുംബത്തെയും സമൂഹത്തെയും ശിഥിലമാക്കുന്ന മദ്യവിപത്തിനെതിരേ പോരാടാൻ കുടുംബശ്രീ പ്രവർത്തകർ മുന്നിട്ടിറങ്ങണം. ക്ഷമ, സഹനം, ആത്മബലം, സത്യം, നിസ്വാർത്ഥത എന്നിവ കൊണ്ട് കുടുംബശ്രീ സഹോദരിമാർ സമൂഹത്തിൽ മുന്നേറണമെന്നും സുഗതകുമാരി പറഞ്ഞു.

ജൈവ കാർഷിക മുന്നേറ്റത്തിലൂടെ ഗുണനിലവാരമുള്ള ഭക്ഷ്യോൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും അതിലൂടെ കേരളത്തിൽ ആരോഗ്യകരമായ ഒരു ഭക്ഷണശീലം വളർത്തിയെടുക്കുന്നതിനും കുടുംബശ്രീ പ്രവർത്തകർ കൈകോർക്കണമെന്ന് പ്രശസ്ത പരിസ്ഥിതി പ്രവർത്തക വന്ദന ശിവ പറഞ്ഞു. സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അവർ.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി അധ്യക്ഷത വഹിച്ചു. മണിശങ്കർ അയ്യർ, എൻ.ആർ മാധവ മേനോൻ, സി.പി ജോൺ, ഡോ.സുനിത കൃഷ്ണൻ, അഡ്വ. നൂർബിന റഷീദ്, ഡോ.ആർ.എസ് സിന്ധു തുടങ്ങിയവർ സംസാരിച്ചു. കുടുംബശ്രീ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സോഷ്യൽ ഡെവലപ്മെന്റ് ഡോ. മഞ്ജുളാ ഭാരതി ക്രോഡീകരിച്ച റിപ്പോർട്ട് അവതരിപ്പിച്ചു. കുടുംബശ്രീ ഭരണ നിർവഹണ സമിതി അംഗം എസ്. പി കുഞ്ഞഹമ്മദ് സ്വാഗതവും പ്രോഗ്രാം ഓഫീസർ ടി.ഷാഹുൽ ഹമീദ് കൃതജ്ഞതയും അറിയിച്ചു.



*കുടുംബശ്രീ പതിനാറാം സംസ്ഥാനതല വാർഷികാഘോഷങ്ങളോടനുബന്ധിച്ച് സംഘടിപ്പിച്ച കലാ സാസ്കാരിക പരിപാടികൾ ഉദ്ഘാടനം ചെയ്യാനെത്തിയ സിനിമാ പിന്നണി ഗായിക ചന്ദ്രലേഖ(വലത്തേയറ്റം) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ. ബി വത്സലകുമാരി, കുടുംബശ്രീ ഭരണ നിർവഹണ സമിതി അംഗം അഡ്വ. ബിന്ദുകൃഷ്ണ, വി.ടി മുരളി, പ്രോഗ്രാം ഓഫീസർ എ. ജയകുമാർ എന്നിവർക്കൊപ്പം*

## സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സ്വയംപര്യാപ്തതയും സ്വാശ്രയത്വവും

# കുടുബശ്രീ ഗാന്ധിജിയുടെ സങ്കൽപം സാക്ഷാത്കരിച്ച പ്രസ്ഥാനം:

## കർണാടക ഗ്രാമവികസന – പഞ്ചായത്ത്‌രാജ് മന്ത്രി എച്ച്.കെ. പാട്ടീൽ



*കുടുംബശ്രീയുടെ പതിനാറാം സംസ്ഥാനതല വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് സംഘടിപ്പിച്ച നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ -ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പ്രതിനിധികളുടെ അനുഭവം പങ്കിടൽ പരിപാടി കർണാടക ഗ്രാമവികസന-പഞ്ചായത്ത്‌രാജ് മന്ത്രി എച്ച്.കെ. പാട്ടീൽ. ഉദ്ഘാടനം ചെയ്യുന്നു*

ഗ്രാമീണ മേഖലയിലെ സ്ത്രീകളെ സ്വയംപര്യാപ്തതയും സ്വാശ്രയത്വവും കൈവരിക്കാൻ പ്രാപ്തരാക്കിയതു വഴി മഹാത്മാ ഗാന്ധിയുടെ ഗ്രാമസ്വരാജ് എന്ന മഹത്തായ സങ്കല്പം സാക്ഷാത്കരിച്ച പ്രസ്ഥാനമാണ് കുടുംബശ്രീയെന്ന് കർണാടക ഗ്രാമവികസന-പഞ്ചായത്ത്‌രാജ് മന്ത്രി എച്ച്.കെ. പാട്ടീൽ പറഞ്ഞു. കുടുംബശ്രീയുടെ പതിനാറാം സംസ്ഥാനതല വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് സംഘടിപ്പിച്ച നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ -ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പ്രതിനിധികളുടെ അനുഭവം പങ്കിടൽ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിലെ സ്ത്രീകൾ സ്വയം തൊഴിൽ സംരംഭ മേഖലയിൽ വളരെയധികം മുന്നേറിക്കഴിഞ്ഞു ഉൽപാദനമേഖലയിലും ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കഴിഞ്ഞ 16 വർഷത്തെ മഹത്തരമായ പ്രവർത്തനങ്ങളിലൂടെ ആരോഗ്യകരമായ ഒരു ഭക്ഷ്യസംസ്കാരം സംസ്ഥാനത്ത് സൃഷ്ടിക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. ഇത് തികച്ചും അഭിനന്ദനാർഹമാണ്. ഇന്ന് വിവിധ രാഷ്ട്രീയ പാർട്ടികൾ സംഘടിപ്പിക്കുന്ന വൈവിധ്യമാർന്ന പരിപാടികളിൽപോലും കുടുംബശ്രീ എന്ന സ്ത്രീ കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ ചർച്ചയാവുന്നു. വികസന പരിപാടികളുടെ ആസൂത്രണവുമായി ബന്ധപ്പെട്ട ചർച്ചകളിലും കുടുംബശ്രീ കടന്നുവരുന്നു. കുടുംബശ്രീയിലൂടെ ശക്തമായ സാമൂഹിക സംഘടനാ സംവിധാനത്തിന്റെ സവിശേഷതകളും മാതൃകകളും കർണാടകയിലെ സ്വയംസഹായ സംഘങ്ങൾക്ക് പരിചയപ്പെടുത്തുന്നതോടെ അവർക്ക് സാമ്പത്തികാഭിവൃദ്ധി നേടിക്കൊടുക്കാൻ കഴിയും.

കർണാടകസംസ്ഥാനത്ത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സ്വയംസഹായ സംഘങ്ങളുമായുള്ള ഫലപ്രദമായ സംയോജനം സാധ്യമാകുന്നതിലൂടെ ഗ്രാമീണ മേഖലയിലെ സ്ത്രീകളെ ഉല്പാദന മേഖലയിലേക്ക് കൊണ്ടുവരുന്നതിനും അവരുടെ ജീവിതത്തെ മെച്ചപ്പെടുത്താനും കഴിയും. ഗ്രാമീണമേഖലയിലെ ജനവിഭാഗത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അത് നൽകുന്നതിനു വേണ്ടിയുള്ള വികസന പദ്ധതികളാകും ഇനി ആവിഷ്കരിക്കുക. കുടുംബശ്രീ മാതൃക കർണാടകയിൽ നടപ്പാക്കുന്നതിലൂടെ സ്ത്രീകളെ സ്വയംപര്യാപ്തരാക്കുന്നതിനും അതുവഴി ദാരിദ്ര്യ നിർമാർജനവും സ്ത്രീശാക്തീകരണവും നടപ്പാക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു. കുടുംബശ്രീയുടെ ഉല്പന്ന -ഭക്ഷ്യവിപണന മേളകൾ സന്ദർശിച്ച മന്ത്രി കഴിഞ്ഞ പതിനാറു വർഷത്തെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ സ്ത്രീശാക്തീകരണ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങളുടെ നേർസാക്ഷ്യമാണെന്നും പറഞ്ഞു.

പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുമായി ഫലപ്രദമായ സംയോജനം ഉറപ്പുവരുത്തിയും സ്വയംതൊഴിൽ മേഖലയിലെ സ്ത്രീകൾക്ക് കൂടുതൽ അവസരമൊരുക്കിയും ദാരിദ്ര്യ നിർമാർജനവും സ്ത്രീശാക്തീകരണവും സാധ്യമാകുന്നതിന് കുടുംബശ്രീയുടെ പാദസ്പർശം കർണാടക സംസ്ഥാനത്ത് പതിയുകയാണെന്ന് പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. കർണാടക സംസ്ഥാനത്തിന് അവരുടേതായ സ്വയംസഹായ സംഘങ്ങളുണ്ട്. അവിടത്തെ ഗ്രാമീണമേഖലയിലെ സ്ത്രീകളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് കർണാടക സംസ്ഥാനവുമായി കുടുംബശ്രീ കൈകോർക്കുകയാണ്. ദാരിദ്ര്യനിർമാർജനം, സ്ത്രീശാക്തീകരണം എന്നി മേഖലകളിലെ കുടുംബശ്രീയുടെ കഴിഞ്ഞ 16 വർഷത്തെ അറിവുകൾ മുഴുവൻ ഇതിനായി കൈമാറും. ഇതിനായി കേരളത്തിന്റെ എല്ലാവിധ പിന്തുണയും കർണാടക സംസ്ഥാനത്തിനുണ്ടാകുമെന്ന് മന്ത്രി അറിയിച്ചു.

കേരളത്തിലെ കൃഷി- ജല മേഖലകൾ സംരക്ഷിക്കാൻ കുടുംബശ്രീ പ്രവർത്തകർ മുന്നോട്ടുവരണമെന്ന് കൃഷി-മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെ.പി. മോഹനൻ പറഞ്ഞു. കുടുംബശ്രീയുടെ കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുമായുള്ള ധാരണാപത്രം മന്ത്രി ഡോ.എം.കെ. മുനീറിനു നൽകി പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. കാർഷിക മൃഗ സംരക്ഷണ മേഖലയിൽ കുടുംബശ്രീയുടെ മാതൃകാ പ്രവർത്തനങ്ങൾക്ക് ഊർജം പകരുന്നതിന് വൈജ്ഞാനിക മേഖലയിലുള്ള എല്ലാവിധ പിന്തുണയും നൽകുന്നതിന്റെ ഭാഗമായാണ് ധാരണാപത്രം ഒപ്പുവയ്ക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

2014 ജൈവകൃഷി വർഷമായി സംസ്ഥാനത്ത് നടപ്പാക്കുകയാണ് ജൈവകൃഷിയിലൂടെ കാർഷികമേഖലയിലെ ശ്രദ്ധേയമായ മുന്നേറ്റം നടത്തുന്ന മൂന്ന് കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രത്യേക സമ്മാനം ഉണ്ടായിരിക്കുമെന്നും മന്ത്രി പ്രഖ്യാപിച്ചു. ഒന്നാം സ്ഥാനത്തെത്തുന്ന കുടുംബശ്രീ യൂണിറ്റിന് പൂനെ, ഹൈദരാബാദ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ കാർഷിക ഇടങ്ങൾ കാണുന്നതിനും പഠിക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും സൗജന്യമായി ലഭിക്കും. രണ്ടാമതെത്തുന്ന യൂണിറ്റിന് കേരളം, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിലെയും മൂന്നാംസ്ഥാനത്ത് എത്തുന്ന യൂണിറ്റിന് സംസ്ഥാനത്തെ പ്രമുഖ കാർഷിക സർവകലാശാലകളും അനുബന്ധ സ്ഥാപനങ്ങളും സന്ദർശിക്കാനും പഠിക്കാനുമുള്ള അവസരവും നൽകും.

കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗസൈനേഷൻ 2013-14 വാർഷിക റിപ്പോർട്ട് ജമില പ്രകാശം എം എൽ എ മന്ത്രി ഡോ കെ എം മുനീറിന് നൽകി പ്രകാശനം ചെയ്തു.

പുസ്തകയാത്ര സമാഹരത്തിൽ നിന്നു തിരഞ്ഞെടുത്ത മുപ്പതു അനുഭവകഥകൾ ഉൾപ്പെടുത്തിയ'ആൻ ഓർഡിനറി എക്സ്ട്രാ ഓർഡിനയർ' പുസ്തകം അൻവർ സാദത്ത് എം എൻ എ മന്ത്രി കെ പി മോഹനന് നൽകി പ്രകാശനം ചെയ്തു.

ആസാം, ബീഹാർ ജാർഖണ്ഡ്, കർണാടക, ഒഡീഷ്യ തുടങ്ങിയ സംസ്ഥാനങ്ങളിലെ താഴേതട്ടിൽ പ്രവർത്തിച്ച് നേതൃത്വനിരയിലേക്ക് ഉയർന്നു വന്ന നിരാല പാറ്റർ , അബ്ബുദേവി, മാലതി ലാക്ര,സുമംഗല കാറിഗൗഡർ, സന്ധ്യാ റാണി പാൽ എന്നി വനിതകളെ എൻ ഷംസുദ്ദീൻ എം എൽ എ ആദരിച്ചു തുടർന്ന് ഇവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു.

കുടുംബശ്രീ ഗവേണിങ്ങ് ബോഡി അംഗം എം അബ്ദുള്ള കുട്ടി സ്വാഗതം പറഞ്ഞു. നാഷണൽ റിസോഴ്സ് ഓർഗസൈനേഷൻ ചീഫ് ഓപറേറ്റിംഗ് ഓഫീസർ ലിബി ടി ജോൺസൺ വിവിധ സംസ്ഥാനങ്ങളിലെ പ്രതിനിധികളെ പരിചയപ്പെടുത്തി. കുടുബശ്രീ മാതൃക കർണാടക സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ കെ. ബി വത്സല കുമാരി, കർണാടക സ്റ്റേറ്റ് റൂറൽ ലൈവ്‌ലിഹുഡ്സ് പ്രമാഷൻ സൊസൈറ്റി മിഷൻ ഡയറക്ടർ ഡോ സി. വി സ്വാമി എന്നിവർ ധാരണാപത്രം ഒപ്പുവച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗീസ്, തദ്ദേശ സ്വയഭരണ വകുപ്പ് സെക്രട്ടറിമാരായ മുഹമ്മദ് ഹനീഷ്, രാജൻ ഖോബ്രഗേഡ്, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് അധ്യക്ഷ ഖമറുന്നീസ അൻവർ, കുടുംബശ്രീ ഭരണ നിർവഹണ സമിതി അംഗങ്ങളായ അഡ്വ എൻ എ ഖാലിദ്, എസ് പി കുഞ്ഞഹമ്മദ്, ഗവേണിങ്ങ് ബോഡി അംഗം ഷേർളി സ്റ്റീഫൻ, പ്രോഗ്രാം മാനേജർ ഡോ എസ് സലിം, പ്രോഗ്രാം ഓഫീസർ ടി ഷാഹുൽ ഹമീദ് തുടങ്ങിയവർ പങ്കെടുത്തു. കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗസൈനേഷൻ യംഗ് പ്രഫഷണൽ അൻസൂ അഗസ്റ്റിൻ കൃതജ്ഞത അറിയിച്ചു.



*കുടുംബശ്രീയും കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുമായുള്ള ധാരണാപത്രം കൃഷി മന്ത്രി കെ പി മോഹനൻ മന്ത്രി ഡോ.എം.കെ. മുനീറിനു നൽകി പ്രകാശനം ചെയ്യുന്നു.*

## കുടുംബശ്രീയിലൂടെ കുടുംബങ്ങളുടെ ഉയർച്ചയും പ്രാദേശിക സാമ്പത്തിക വളർച്ചയും കൈവരിച്ചു:

### മന്ത്രി കെ.സി. ജോസഫ്



*കുടുംബശ്രീ പതിനാറാം സംസ്ഥാനതല വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച സെമിനാർ 'പങ്കാളിത്ത ഭരണപ്രക്രിയയിൽ സ്ത്രീകൾ' ഗ്രാമവികസന വകുപ്പ് മന്ത്രി കെ.സി ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.*

കുടുംബശ്രീയുടെ സമഗ്ര മുന്നേറ്റത്തിലൂടെ കുടുംബങ്ങളുടെ ഉയർച്ചയും പ്രാദേശിക സാമ്പത്തിക വളർച്ചയും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഗ്രാമ വികസന-പ്ളാനിംഗ്-നോർക്ക-സാംസ്കാരിക വകുപ്പ് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. കുടുംബശ്രീയുടെ പതിനാറാം വാർഷികാഘോഷത്തോടനുബന്ധിച്ച് കനകക്കുന്ന് സുബൈറാ നഗറിൽ നടന്ന പങ്കാളിത്ത ഭരണപ്രക്രിയയിൽ സ്ത്രീകളുടെ പങ്ക് എന്ന സെമിനാർ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കുടുംബശ്രീ വന്ന ശേഷം വനിതകൾ ഏതു വേദിയിലും സജീവസാന്നിധ്യമായി മാറിയിട്ടുണ്ട്. പതിനാറു വർഷങ്ങൾ പിന്നിടുമ്പോൾ വലിയ ചെറുത്തു നിൽപ്പിലൂടെ മുന്നേറിയ പ്രസ്ഥാനമായി കുടുംബശ്രീ മാറിക്കഴിഞ്ഞു. കുടുംബത്തിന്റെ നടത്തിപ്പും കാര്യങ്ങളുടെ നടത്തിപ്പും വീട്ടമ്മമാരാണ്. എന്തുകൊണ്ടും പുരുഷന്മാരേക്കാൾ ഇക്കാര്യത്തിൽ കാര്യപ്രാപ്തി സ്ത്രീകൾക്കാണ്. അതുകൊണ്ട് കേരളത്തിൽ ഭരണ പ്രക്രിയയിലും പൊതു വേദികളിലും സ്ത്രീകൾക്ക് വളരെ സജീവമായ സാന്നിദ്ധ്യം വഹിക്കാൻ കഴിയുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ നിന്നു ലഭിച്ച പ്രവർത്തന പരിചയത്തിലൂടെയാണ് തനിക്ക് ജനാധിപത്യ ഭരണപ്രക്രിയയിൽ കടന്നു വരാൻ കഴിഞ്ഞതെന്ന് പട്ടിക വർഗ യുവജന ക്ഷേമ വകുപ്പ് മന്ത്രി ജയലക്ഷ്മി അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. കുടുംബശ്രീയിലൂടെ കടന്നുവന്നതുകൊണ്ടാണ് സ്ത്രീകൾക്ക് കേരളീയ സമൂഹത്തിന്റെ ചാലക ശക്തിയായി മാറാൻ കഴിഞ്ഞത്. ഇന്ന് പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തെ മുന്നോട്ടു നയിക്കുന്ന ശക്തിയാണ് കുടുംബശ്രീ. കുടുംബങ്ങളെയും ഗ്രാമങ്ങളെയും അടുത്തറിയുന്നതിലൂടെ വ്യക്തിത്വ വികസനവും പ്രാദേശിക വികസനവും കുടുംബശ്രീ സാധ്യമാക്കുന്നുവെന്നും മന്ത്രി ജയലക്ഷ്മി പറഞ്ഞു.

നമ്മ എരുതെ എന്ന പുസ്തകത്തിന്റെ പ്രകാശനം മന്ത്രി ജയലക്ഷ്മി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് അസിസ്റ്റന്റ് പ്രഫസർ ജെ. ദേവികക്കു നൽകി നിർവഹിച്ചു. സിവിൽ സപ്ളൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ് 'ചെറുത്തു നിൽപ്പിന്റെ പതിനാറു വർഷങ്ങൾ' പുസ്തകം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വത്സലകുമാരിക്ക് നൽകി പ്രകാശനം നിർവഹിച്ചു. 'ബാലസഭ' പതിനാലു ജില്ലകളിലെ ക്രോഡീകരിച്ച പുസ്തകം പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ പാലക്കാട് ജില്ലാ കളക്ടർ രാമചന്ദ്രനു നൽകി പ്രകാശനം നിർവഹിച്ചു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ,ബി വത്സലകുമാരി സ്വാഗതം പറഞ്ഞു. അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സി.എം യൂസഫ്, കുടുംബശ്രീ ഭരണ നിർവഹണ സമിതി അംഗങ്ങളായ അഡ്വ. ബിന്ദു കൃഷ്ണ, എസ്.പി കുഞ്ഞഹമ്മദ്, അഡ്വ. എൻ.എ ഖാലിദ്, ഗവേണിംഗ് ബോഡി അംഗം ഷേർളി സ്റ്റീഫൻ, പ്രോഗ്രാം ഓഫീസർ ടി.ഷാഹുൽ ഹമീദ്, പ്രോഗ്രാം മാനേജർ ഡോ.എസ്. സലിം തുടങ്ങിയവർ പങ്കെടുത്തു.

## കുടുംബശ്രീ കൂട്ടയോട്ടം സംഘടിപ്പിച്ചു




*കുടുംബശ്രീ പതിനാറാം സംസ്ഥാന വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കൂട്ടയോട്ടം മേയർ അഡ്വ കെ.ചന്ദ്രിക, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി, കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം അഡ്വ. ബിന്ദുകൃഷ്ണ എന്നിവർ നയിക്കുന്നു*

കുടുംബശ്രീ പതിനാറാം സംസ്ഥാനതല വാർഷികാഘോഷങ്ങളുടെ വിളംബരം കുറിച്ചു കൊണ്ടു തിരുവനന്തപുരം ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ കൂട്ടയോട്ടം മേയർ അഡ്വ. കെ. ചന്ദ്രിക ഉദ്ഘാടനം ചെയ്തു.

സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾക്കും അവഗണനയ്ക്കും എതിരേയുള്ള ചെറുത്തുനിൽപിന്റെ പ്രതീകമായി കവടിയാറിൽ നിന്നും കനകക്കുന്നു വരെ സംഘടിപ്പിച്ച കൂട്ടയോട്ടമാണ് നഗരത്തിനു കൗതുകമായത്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി, കുടുംബശ്രീ ഭരണ നിർവഹണ സമിതി അംഗം അഡ്വ. ബിന്ദു കൃഷ്ണ, ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ടി. ഷാഹുൽ ഹമീദ്, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാരായ സിനി എ, ശ്രീലത എൽ, അബ്ദുൾ ഗഫാർ എന്നിവരുടെ നേതൃത്വത്തിലാണ് കൂട്ടയോട്ടം സംഘടിപ്പിച്ചത്. ജില്ലയിലെ വിവിധ സി.ഡി.എസുകളിലെ കുടുംബശ്രീ പ്രവർത്തകർ, വിവിധ മേഖലകളിലെ കുടുംബശ്രീ സംരംഭകർ, സംഘക്കൃഷി ഗ്രൂപ്പ് അംഗങ്ങൾ, പരിശീലന ഗ്രൂപ്പ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# കുടുംബശ്രീ പതിനാറാം വാർഷിക സമ്മേളനത്തിന് നിറപ്പകിട്ടാർന്ന സമാപനം




*കുടുംബശ്രീ പതിനാറാം സംസ്ഥാനതല വാർഷികാഘോഷങ്ങളുടെ സമാപന ചടങ്ങിൽ ഗവർണർ ഷീലാ ദീക്ഷിതിന് പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ ഉപഹാരം നൽകുന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി, മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മണിശങ്കർ അയ്യർ എന്നിവർ സമീപം.*

വനിതാകൂട്ടായ്മയുടെ കരുത്തുമായി കുടുംബശ്രീയുടെ പതിനാറാം സംസ്ഥാന വാർഷികാഘോഷങ്ങൾ പ്രൗഢഗംഭീരമായി സമാപിച്ചു മൂന്നു ദിവസം നീണ്ടുനിന്ന വാർഷികാഘോഷങ്ങളിൽ പതിനായിരക്കണക്കിന് വനിതകളാണ് അണിനിരന്നത്. പാട്ടും നൃത്തവും കലാപ്രകടനങ്ങളുമായി തലസ്ഥാന നഗരിയിൽ ഉത്സവഛായ പകർന്നാണ് സമ്മേളനത്തിന് തിരശ്ശീല വീണത്.

കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ദാരിദ്ര്യ നിർമാർജനത്തിനു സഹായകമായെന്ന് കുടുംബശ്രീയുടെ വാർഷികാഘോഷത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് ഗവർണർ ഷീല ദീക്ഷിത് പറഞ്ഞു. കുടുംബശ്രീയുടെ വിവിധ പദ്ധതികളും സ്വയംസഹായ സംഘങ്ങളും സത്രീകളെ ശാക്തീകരിക്കുന്നതിനു പുറമെ സാമ്പത്തിക സ്വയം പര്യാപ്തത നേടിയെടുക്കുന്നതിന് അവരെ സഹായിച്ചിട്ടുണ്ട്. കുടുംബശ്രീ പ്രവർത്തനങ്ങൾ വ്യക്തികളിൽ നിന്നും കുടുംബത്തിലേക്കും അവിടെ നിന്നും സമൂഹത്തിലേക്കും ഉയർന്ന് സമൂഹത്തിന്റെ അഭിവൃദ്ധിക്കും ഐശ്വര്യത്തിനും കാരണമായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങൾ കുടുബശ്രീയെ മാതൃകയാക്കുകയും അവിടെ നിന്നുള്ള പ്രതിനിധികൾ കേരളത്തിലെത്തി പഠനം നടത്തുകയും ചെയ്യുന്നുണ്ട്. കുടുംബശ്രീക്ക് അതിന്റെ താഴെ തട്ടുമുതലുള്ള പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് വിജയകരമാക്കിമാറ്റാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് പ്രധാന വിജയം. കുടുംബശ്രീ പ്രവർത്തനങ്ങൾ കൂടുതൽ അടുത്തറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വാർഷികാഘോഷത്തിനെത്തിയ രാജ്യസഭാംഗം മണി ശങ്കർ അയ്യരെ ഗവർണർ അനുമോദിച്ചു. കൂടുതൽ നൂതന സംരംഭങ്ങൾ നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങൾ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും സർക്കാറിനും കുടുംബശ്രീ പ്രവർത്തകർക്കും കഴിയട്ടെ എന്നും ഗവർണർ ആശംസിച്ചു.

മുഖ്യമന്ത്രി ഉമ്മൻചാണ്ടി കുടുംബശ്രീ നൂതന സംരംഭങ്ങളുടെ പ്രഖ്യാപനം നടത്തി. സംഘകൃഷി, മൈക്രോ ഫിനാൻസ്, സംരംഭങ്ങൾ എന്നിവയ്ക്ക് വായ്പ നൽകിയ ബാങ്കുകളെ ചടങ്ങിൽ മുഖ്യമന്ത്രി ആദരിച്ചു. കുടുംബശ്രീ പ്രവർത്തകർക്കുള്ള ഒരു വർഷത്തെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സിന്റെ ധാരണാപത്രം ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് ഡെപ്യൂട്ടി ഡയറക്ടർ നീല ദാബിറിന് സാമൂഹ്യനീതി മന്ത്രി ഡോ. എം.കെ മുനീർ കൈമാറി. കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് 500 രൂപ ഓണറേറിയം വർധിപ്പിക്കുമെന്ന് മന്ത്രി എം. കെ മുനീർ അറിയിച്ചു. ഭരണ നിർവഹണ ഗ്രാന്റിൽ നിന്നും മികച്ച അക്കൗണ്ടന്റുമാർക്ക് ആയിരം രൂപ ഓണറേറിയം വർധനവും സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് ആയിരം രൂപ ഓണസമ്മാനമായും നൽകും. രണ്ടു തവണ സി.ഡി എസ് ചെയർപേഴ്സൺമാരായവരെ റിസോഴ്സ് പേഴ്സൺ പൂളിൽ ഉൾപ്പെടുത്തുമെന്നും അദ്ദേഹം അറിയിച്ചു.

കുടുംബശ്രീ അംഗങ്ങളുടെ അനുഭവ സമാഹരണ പുസ്തകങ്ങളുടെ പ്രകാശനം വി.പി സജീന്ദ്രൻ എം.എൽ. എ സാമൂഹ്യപ്രവർത്തക സുനിത കൃഷ്ണന് നൽകി പ്രകാശനം ചെയ്തു. നിർഭയ-ക്രൈം മാപ്പിംഗ് റിപ്പോർട്ട്-14 ജില്ലകളുടെയും ക്രോഡീകരിച്ച പുസ്തകങ്ങളുടെ പ്രകാശനം ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മറ്റിയംഗം സ്വപ്ന ജോർജിന് നൽകി പ്രകാശനം ചെയ്തു. സാമൂഹ്യപ്രവർത്തക സുനിതകൃഷ്ണൻ 'അറിയപ്പെടാത്ത വീരാംഗനമാർ' എന്ന പുസ്തകത്തിന്റെ പ്രകാശനം നിർവഹിച്ചു. രാജ്യസഭാംഗം മണിശങ്കർ അയ്യർ, കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ അഡ്വ. എൻ.എ ഖാലിദ്, അഡ്വ. ബിന്ദു കൃഷ്ണ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി എന്നിവർ പങ്കെടുത്തു.



*കുടുംബശ്രീ പതിനാറാം വാർഷികാഘോഷത്തിന്റെ സമാപന സമ്മേളനത്തിൽ ഗവർണർ ഷീലാ ദീക്ഷിത് സംസാരിക്കുന്നു.*

# കുടുംബശ്രീ

## ജൈവകൃഷിയിലൂടെ ഭക്ഷ്യനീതി ഉറപ്പു വരുത്തിയ പ്രസ്ഥാനം: പി. സായ്നാഥ്




*കുടുംബശ്രീ പതിനാറാം സംസ്ഥാനതല വാർഷികാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരത്തു സംഘടിപ്പിച്ച മാധ്യമ സെമിനാർ പ്രശസ്ത മാധ്യമപ്രവർത്തകൻ പി സായ്നാഥ് ഉദ്ഘാടനം ചെയ്യുന്നു*

ജൈവകൃഷിയിലൂടെ ഭക്ഷ്യ സുരക്ഷ മാത്രമല്ല ഭക്ഷ്യനീതി കൂടി ഉറപ്പു വരുത്തിയ പ്രസ്ഥാനമാണ് കുടുംബശ്രീയെന്ന് പ്രശസ്ത മാധ്യമ പ്രവർത്തകൻ പി സായ്നാഥ് പറഞ്ഞു. കുടുംബശ്രീ പതിനാറാം സംസ്ഥാനതല വാർഷികാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരത്തു സംഘടിപ്പിച്ച മാധ്യമ സെമിനാറിന്റെ ഉദ്ഘാടനം നിർവഹിച്ചു സാംസാരിക്കുകയായിരുന്നു സായ്നാഥ്.

കുടുംബശ്രീയുടെ കഴിഞ്ഞ കാല പ്രവർത്തനങ്ങളിലൂടെ ലിംഗനീതിയും സാമൂഹ്യനീതിയും കൊണ്ടു വരാൻ കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ നിരവധി ആശയങ്ങളുമായി മുന്നോട്ടു പോകുന്നു. നാൽപ്പത്തിയൊന്നു ലക്ഷം സാധാരണക്കാരായ സ്ത്രീകൾ സാമൂഹ്യനീതിയും ഭക്ഷ്യസുരക്ഷയയും ഉറപ്പു വരുത്താൻ വേണ്ടി നിലകൊള്ളുന്ന സ്ത്രീകൂട്ടായ്മയാണ്. നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്ന ശക്തിയായി കുടുംബശ്രീ മാറിയിരിക്കുന്നു. മാധ്യമങ്ങൾ പലപ്പോഴും അക്കങ്ങൾക്കു പിന്നാലെ പോകുന്നു. എന്നാൽ കുടുംബശ്രീയിലെ സാധാരണക്കാരായ സ്തീകൾ സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങൾക്കുവേണ്ടി പ്രയത്നിക്കുന്നു. കേരളത്തിലെ ഗ്രാമീണ മേഖലയിലെ സ്ത്രീകൾ പരാശ്രയത്വത്തിൽ നിന്നു സ്വാശ്രയത്വത്തിലേക്ക് മാറുന്നു. ഇത്തരം കാഴ്ചകളൊന്നും അക്കങ്ങളിലൂടെ കാണിക്കാൻ കഴിയില്ല.

കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ സ്ത്രീകൾ സാമൂഹ്യ സാമ്പത്തിക വിമോചനം നേടിയിരിക്കുന്നു. വൈകാരികമായി പോലും അവർ സ്വതന്ത്രരായിരിക്കുന്നു. ലോകത്തിലെ കർഷകർ ഭക്ഷ്യവിളകൾ ഉൽപാദിപ്പിക്കുന്നതിൽ നിന്നും നാണ്യവിളകളിലേക്കു മാറുമ്പോൾ നാൽപ്പത്തിയൊന്ന് ലക്ഷം കുടുംബശ്രീ വനിതകൾ കേര ളത്തിന്റെ പരമ്പരാഗത ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്ന മേഖലയിൽ സജീവമായ മുന്നേറ്റം നടത്തുന്നു. വിഷലിപ്ത ഭക്ഷണം ഒഴിവാക്കി ഗുണനിലവാരമുള്ള ഭക്ഷ്യവസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിനുവേണ്ടി കാർഷികമേഖലയിലെ കുടുംബശ്രീ പങ്കാളിത്തം തികച്ചും പ്രത്യാശ പകരുന്നതാണ്. സമൂഹത്തിൽ ഭക്ഷ്യസുരക്ഷയ്ക്കൊപ്പം ഭക്ഷ്യനീതി കൂടി ഉറപ്പാക്കുന്നതിലൂടെ ജനാധിപത്യപരമായ മൂല്യങ്ങൾ സംരക്ഷിക്കുന്ന ഉത്തരവാദിത്വം കൂടി കുടുംബശ്രീ നിറവേറ്റിയിരിക്കുന്നു.

കുടുംബശ്രീ വിവിധ രാഷ്ട്രീയ പാർട്ടികൾക്കതീതമാണ്. എങ്കിലും അതിന് വളരെ വ്യക്തമായ ഒരു രാഷ്ട്രീയ മുഖമുണ്ട്. അത് സാമൂഹ്യ -സാമ്പത്തിക -പരിസ്ഥിതി-സൂക്ഷ്മതല രാഷ്ട്രീയത്തിന്റെ മുഖമാണ്. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിച്ച കുടുംബശ്രീ വനിതകൾക്ക് വളരെ വ്യക്തമായ രാഷ്ട്രീയമുണ്ടായിരുന്നവരാണ്. എന്നാൽ ഈ രാഷ്ട്രിയ നിലപാടുകൾകൊണ്ട് കുടുംബശ്രീയെ തകർക്കാനാല്ല മറിച്ച് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനാണ് ഈ വനിതകൾ ഉപയോഗിച്ചത്. ഇത് തികച്ചും അഭിനന്ദനാർഹമാണ്.

കഴിഞ്ഞകാല പ്രവർത്തനങ്ങളിലൂടെ പൊതു ഇടങ്ങളിൽ പങ്കാളിത്തവും അതുവഴി ആത്മബോധവും നേടിയെടുക്കുവാൻ കുടുംബശ്രീ കൂട്ടായ്മയ്ക്ക് കഴിഞ്ഞുവെന്നത് പ്രാധാന്യമർഹിക്കുന്നു. കുടുംബശ്രീയുടെ ചെറുത്തുനിൽപ്പിന്റെ ശബ്ദം പ്രാദേശികതലത്തിനപ്പുറം ലോകത്തിനു മുന്നിലേക്ക് എത്തണം. കേരളത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ കൂടുതൽ ശക്തമാക്കുന്നതിന് കുടുംബശ്രീ വനിതകൾ മുന്നോട്ടുവരണമെന്ന് സായിനാഥ് വ്യക്തമാക്കി.

സമൂഹത്തിൽ നിലനിൽക്കുന്ന നിരവധി ചോദ്യങ്ങൾക്കുള്ള മറുപടിയാണ് കുടുംബശ്രീയെന്നും മാധ്യമങ്ങളുടെ നിരന്തരമായ ശ്രദ്ധ പതിക്കുന്ന വിധത്തിൽ ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ കൂടുതൽ കരുത്താർജിച്ച് കുടുംബശ്രീ മുന്നോട്ടുവരണമെന്നും അധ്യക്ഷപ്രസംഗത്തിൽ കെ.എം. ഷാജി എം.എൽ.എ പറഞ്ഞു.

തുടർന്ന് 14 ജില്ലകളിലെ തിരഞ്ഞെടുത്ത സിഡിഎസ് ചെയർപേഴ്സൺമാരും മാധ്യമപ്രവർത്തകും തമ്മിലുള്ള സംവാദം നടന്നു പ്രസ്ക്ലബ് പ്രസിഡന്റ് പി.പി. ജയിംസ്, പ്രസ്ക്ലബ് വനിതാ ഫോറം പ്രസിഡന്റ് സിനി ബാബു, ദി ഹിന്ദു ബ്യൂറോ ചീഫ് ഗൗരീദാസൻ നായർ, എഴുത്തുകാരിയും മാധ്യമപ്രവർത്തകയുമായ കെ. ബീന, ടെലിവിഷൻ വാർത്താ അവതാരകയായ വീണ ജോർജ്, അപർണ കുറുപ്പ്, കേരളകൗമുദി ഡെപ്യൂട്ടി എഡിറ്ററും ജേണലിസം ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടറുമായ എസ്. രാധാകൃഷ്ണൻ എന്നിവർ സംവാദത്തിൽ പങ്കെടുത്തു.

കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം അഡ്വ.സ്വപ്ന ജോർജ് സ്വാഗതം പറഞ്ഞു. കുടുംബശ്രീ ഗവേണിംഗ്ബോഡി അംഗങ്ങളായ സി.എസ്. ജീജാദാസ്, ഷെർലി സ്റ്റീഫൻ, ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഇ.കെ. പ്രകാശ് എന്നിവർ ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ പ്രോഗ്രാം മാനേജർ ഡോ.എസ്. സലീം കൃതജ്ഞത അറിയിച്ചു.




*കുടുംബശ്രീ പതിനാറാം സംസ്ഥാനതല വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച മാധ്യമങ്ങളും കുടുംബശ്രീ പ്രവർത്തകരും തമ്മിലുള്ള മുഖാമുഖം പരിപാടിയിൽ നിന്ന്*

Printed and published by K.B.Valsalakumari, Executive Director, Kudumbashree, State Poverty Eradication Mission- Government of Kerala, 2ndFloor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram 695011. Layout: Communique, Tvpm, Printed at: KBPS, Kakkanad, Kochi-30. Managing Editor: P.R Sreekumar. Editorial Assistant: Asha.S. Panicker.
email: spempro2012@gmail.com
For private circulation